# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം സമ്പൂർണ്ണമായി ജി-സ്പാർക്ക് സംവിധാനത്തിലൂടെ മാത്രം വിതരണം ചെയ്യുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.16596/24/ഇഡിപി. തിരുവനന്തപുരം, 19.04.2025

**പരാമർശം:** 19/03/2025 ൽ ബോർഡ് ഓഫീസിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്. (ഖണ്ഡിക: 22).

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം സമ്പൂർണ്ണമായി ജി-സ്പാർക്ക് സംവിധാനത്തിലൂടെ മാത്രം വിതരണം ചെയ്യുന്ന സംഗതി സംബന്ധിച്ച് ചേർന്ന പരാമർശം യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

**ഉത്തരവ്**

1. ദേവസ്വം ബോർഡ് ആസ്ഥാനത്തെ ഓഫീസുകളിൽ 2025 ഏപ്രിൽ മാസം മുതലും മറ്റ് ഓഫീസുകളിൽ 2025 മെയ് മാസം മുതലും ജീവനക്കാരുടെ ശമ്പളം ജി-സ്പാർക്ക് മുഖേന മാത്രം പ്രൊസസ്സ് ചെയ്ത് വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.
2. രണ്ട് മാസ കാലയളവിൽ ജി-സ്പാർക്കിനൊപ്പം മാനുവൽ ശമ്പള ബില്ലുകളും ഹാജരാക്കേണ്ടതാണ്.
3. ജി-സ്പാർക്കിൽ നിലവിൽ ഉള്ള സംശയങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ മീറ്റിംഗുകളും പരിശീലന പരിപാടികളും ഐ.റ്റി ഡിവിഷന്റെ സഹായത്തോടെ സംഘടിപ്പിക്കാനും, ജി-സ്പാർക്ക് സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ വിവിധ ഓഫീസുകളുമായി ബന്ധപ്പെട്ട് നടത്തുന്നതിനും ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ അഭിപ്രായങ്ങൾ കൂടി ലഭ്യമാക്കി വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലറുകൾ പുറപ്പെടുവിക്കുന്നതിനും ഡിജിറ്റൈസേഷൻ വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി
(ശബരിമല സെൽ)

IT

പകർപ്പ്:

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
5. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ- ഡിജിറ്റൈസേഷൻ
6. എല്ലാ ആഫീസ് മേധാവികൾക്കും
7. ഐടി ഡിവിഷൻ (പ്രസിദ്ധീകരണത്തിനായി)
8. സെക്ഷൻ ഫയൽ
9. ഫെയർ ഓഫീസ് കോപ്പി